ഡാക്ടർ എ. ആർ. മേനോൻ : (ഉ) ഉവ്വ്.

(ഛ) സാമ്പത്തികസ്ഥിതി അന്വേഷിച്ചു വേണ്ടതു ചെയ്യുന്നതാണ്. I have explained that matter yesterday in detail.

MULAVUKAD ROAD—ROUGH CONDITION OF

206. മിസ്റ്റർ കെ. പി. വള്ളോൻ : താഴെ എഴുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും ദയയും മറുപടി നല്കുമോ :—

ചേരാനെല്ലൂർ പഞ്ചായത്തിൽ പെട്ട മുളവുകാട്ടു വഴിയിൽ ജനങ്ങൾക്കു ഗതാഗത തടസ്സമുണ്ടാക്കത്തക്കവിധം കട്ടക്കല്ലിട്ടു മലിനപ്പെടുത്തീട്ടുള്ളതു നന്നാക്കി ഗതാഗതത്തിനു നേരിട്ടിട്ടുള്ള വിഷമതകൾ നീക്കിത്തരുമോ ; അല്ലെങ്കിൽ പ്രസ്തുത കട്ടക്കല്ലു വഴിയിൽനിന്നും കോരി കളയിപ്പിക്കുവാൻ ദയവുണ്ടാകുമോ?

ഡാക്ടർ പി. ആർ. മേനോൻ : മുളവുകാട്ടു വഴിയിൽ ഗതാഗതതടസ്ഥമുണ്ടാകത്തക്കവിധം കട്ടക്കല്ലിട്ടു മലിനപ്പെടുത്തീട്ടില്ല. വഴിയിൽ വിരിക്കേണ്ടതിനു ശേഖരിച്ചിട്ടുള്ള കല്ലുകൊണ്ടു് അഥവാ വല്ല വിഷമതകളും ഉണ്ടെങ്കിൽ അതു് ഉടനെ തീരുന്നതാണ്.

മിസ്റ്റർ കെ. പി. വള്ളോൻ : വഴിയിൽ വിരിക്കേണ്ടുന്നതിനു ശേഖരിച്ചിട്ടുള്ള കല്ലുകൊണ്ടു വിഷമമുണ്ടെന്നല്ല പറയുന്നതു്. തല്ലി നിരപ്പാക്കാതെ കുറെ കല്ലു വാരി വിരിച്ചു് അതിനു മീതെ മണ്ണിട്ടുന്നുണ്ടു്. മഴ പെയ്തു മണ്ണു മുഴുവനൊലിച്ചുപോകുമ്പോൾ കല്ലുകൾ കട്ടയായി വഴിയിൽ കിടക്കുന്നതുകൊണ്ടു് യാത്രക്കാർക്കു വിഷമം നേരിടുന്നതു നീക്കിത്തരണമെന്നാണു ഞാൻ അവശ്യപ്പെട്ടിട്ടുള്ളതു്.

ഡാക്ടർ എ. ആർ. മേനോൻ : അതു വഴി നേരെയാക്കീട്ടില്ലാത്തതുകൊണ്ടാണു്.

മിസ്റ്റർ വി. കെ. കുട്ടി : മീതെ മണ്ണിട്ടു് ഉറപ്പിക്കുവാൻ വേണ്ടി ഇട്ടിട്ടുള്ള കല്ലുകളാണോ? റോഡിന്റെ പ്രാരംഭജോലിയായിട്ടു മണ്ണിട്ടുറപ്പിക്കുവാൻ വേണ്ടി ഇട്ടിരിക്കുകയല്ലേ ?

മിസ്റ്റർ കെ. പി. വള്ളോൻ : ഇതുകൊണ്ടു ജനങ്ങൾക്കു് ഉപദ്രവമുണ്ടെങ്കിൽ അതു മാറ്റിക്കൊടുക്കേണ്ടതല്ലേ ?

KADAMAKKUDI VILLAGE—SCARCITY OF DRINKING WATER

207. Mr. P. K. Madhava Menon *(Narakkal):* Will the Government be pleased to state.—

(*a*) whether they are aware of the fact that there is great scarcity of drinking water in the small islands comprised in Kadamakkudi village;

(*b*) whether they have provided any public wells in these

LIBRARY ARCHIVES Kerala Legislative Assembly